കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വസ്തുനികുതി - വിമുക്തഭടന്മാരുടെ/അവരുടെ വിധവകളുടെ കെട്ടിട നികുതി ഇളവ് ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.212/08/തസ്വഭവ. തിരുവനന്തപുരം, തീയതി 25-07-2008

---

പരാമർശം :- (1) 01-01-2005-ലെ ജി.ഒ (എം.എസ്) നം.3/05/തസ്വഭവ നമ്പർ ഉത്തരവ്
(2) 23-4-2005-ലെ ജി.ഒ.(എം.എസ്) നം.111/05/തസ്വഭവ നമ്പർ ഉത്തരവ്
(3) 21-11-2005-ലെ ജി.ഒ.(എം.എസ്) നം.344/05/തസ്വഭവ നമ്പർ ഉത്തരവ്
(4) 28-2-2006-ലെ ജി.ഒ. (എം.എസ്) നം.67/06/തസ്വഭവ നമ്പർ ഉത്തരവ്
(5) 28-5-2008-ലെ ജി.ഒ.(എം.എസ്) നം.146/08/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ്

വിമുക്തഭടന്മാരുടെയും, അവരുടെ വിധവകളുടെയും, യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ, വസ്തുനികുതി അടയ്ക്കുന്നതിൽ നിന്നും 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2)പ്രകാരം മേൽ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്ന വിമുക്തഭടന്മാർക്കും അവരുടെ വിധവകൾക്കും കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

വിമുക്തഭടന്മാർ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യയുടെ പേരിലുള്ളതോ ആയ വീടുകളെ 2004-05 രണ്ടാം അർദ്ധവർഷം മുതൽ കെട്ടിട നികുതി (വസ്തു നികുതി)യിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ഇപ്രകാരമുള്ള ആനുകൂല്യം ഒരു വിമുക്തഭടന് ഒരു വീടിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം 3-ഉം 4-ഉം പ്രകാരം ഉത്തരവായിട്ടുണ്ട്.

എന്നാൽ ടി സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച വസ്തു നികുതിയിളവ് ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ "സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാന്മാർ, സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ മരിച്ചുപോയ ജവാന്മാരുടെ വിധവകൾ" എന്നിവരുടെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതും, 2000 ചതുരശ്ര അടിയിൽ കവിയാതെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കു മാത്രമായി നികുതിയിളവ് പരിമിതപ്പെടുത്തി പരാമർശം 5 പ്രകാരം ഉത്തരവായിരുന്നു.

വിമുക്തഭടന്മാരുടെ വിവിധ സംഘടനകൾ പരാമർശം 5-ലെ ഉത്തരവിനെതിരെ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും, വിമുക്തഭടന്മാർക്ക് അവകാശപ്പെട്ട കെട്ടിട നികുതിയിളവ് പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ വിമുക്തഭടന്റെ/വിമുക്തഭടന്റെ വിധവയുടെ കെട്ടിട നികുതി ഇളവ് സംബന്ധിച്ച് പരാമർശം 5-ലെ ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിമുക്തഭടൻ/വിമുക്തഭടന്റെ വിധവ താമസിക്കുന്ന ഒരു വീടിന് മാത്രമേ നികുതിയിളവിന് അർഹതയുള്ളൂ.
2. നികുതിയിളവ് ആവശ്യമുള്ള വിമുക്തഭടൻ/വിധവ കെട്ടിടത്തിന്റെ നമ്പർ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ നൽകേണ്ടതും മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം സ്വീകരിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം നൽകേണ്ടതുമാണ്.

ഈ ഉത്തരവിന് 30-5-2008 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ ഡയറക്ടർ, ഐ.കെ.എം. പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ,
തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരണത്തിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ